LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് വിവിധ സഹായ പദ്ധതികൾ

83 [1062] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി എന്തെല്ലാം സഹായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി ഏതെല്ലാം സഹായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കൊല്ലം മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം മേഖലയിൽ എത്ര ദിവസത്തേക്ക് സൗജന്യ റേഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) സമ്പൂർണ്ണ ഭവന നിർമ്മാണത്തിനുവേണ്ടി ഒരു പുതിയ പദ്ധതിക്ക് രൂപം നൽകി വരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

തീരപ്രദേശങ്ങളിലെ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ

84 [1063] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിലെ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ;

(സി) എന്തെല്ലാം പശ്ചാത്തല സൗകര്യങ്ങളാണ് പദ്ധതി മുഖേന നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിൽ വരുത്താതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) തീരപ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം മോശമായിക്കൊണ്ടിരിക്കുകയാണെന്നത് സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതി മുഖാന്തിരം മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്.

---

† അനുബന്ധം 9

അനുബന്ധം VIII—(തുടർച്ച)

				(രൂപ)
28.	പി.എച്ച്. ഡിവിഷൻ, മലപ്പുറം		..	4,25,000
29.	do.	സുൽത്താൻബത്തേരി	..	7,72,000
30.	do.	എടപ്പാൾ	..	..
31.	do.	പാലക്കാട്	..	1,88,000
32.	do.	ഷൊർണ്ണൂർ	..	2,55,000
33.	do.	കണ്ണൂർ	..	..
34.	വാട്ടർ സപ്ലൈ പ്രോജക്ട് ഡിവിഷൻ, കണ്ണൂർ		..	600
35.	പി.എച്ച്. ഡിവിഷൻ, കാസർഗോഡ്		..	2,92,000
36.	പി.എച്ച്. ഡിവിഷൻ, മട്ടന്നൂർ		..	3,67,000
		ആകെ	..	1,08,80,836

അനുബന്ധം IX

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 83 (1062) കാണുക]

ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതി

1. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണത്തിന് തൊഴിലാളി ഒന്നിന് 40,000 രൂപ വരെ ഗ്രാൻഡ് അനുവദിക്കുന്നു. ഇത് ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപ ഈയിനത്തിൽ വിനിയോഗിക്കുന്നതാണ്.

2. കടൽ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പഞ്ചമാസത്തിൽ ഒരു സാമ്പത്തികാശ്വാസം എന്ന നിലയിൽ നടപ്പിലാക്കി വരുന്ന ഒരു 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയാണ്.

3. അടിസ്ഥാന വികസന സൗകര്യങ്ങളായ ഫിഷ്ലാന്റിംഗ് സെന്റർ, ഫിഷിംഗ് ഹാർബർ, റോഡുകൾ എന്നിവയുടെ നടത്തിപ്പിനായി 1225 ലക്ഷം രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചു.

4. മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് 250 ലക്ഷം രൂപ ലംസംഗ്രാന്റ് നൽകുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു.

5. ആശുപത്രി, ഗൈഡ്ലൈറ്റ്, കുടിവെള്ള വിതരണം, വൈദ്യുതീകരണം എന്നീ തീരദേശ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങളുടെ വികസനം.

6. ചെറുകിട സംരംഭങ്ങൾ

സ്വയം സഹായ സംഘങ്ങൾ വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly